The Cochin Makkathayam Thiyya Bill.

Mr. V. K. Krishnankutty (*Anthikad*).—I beg for leave to introduce the Cochin Makkathayam Thiyya Bill

Mr. P. Govinda Menon (*Adur*).—I second it.

Motion was put and carried.

RESOLUTIONS (contd.)

1. Conversion of Land-Tax into Income-Tax (contd.)

മിസ്റ്റർ ഏ. നാരായണമേനോൻ (*Vyttila.*)— ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വം വളരെ പ്രധാനമായിട്ടുള്ളതാണ്. റവന്യൂമെമ്പർ അവർകളുടെ പ്രസംഗത്തിൽ ഭൂനികുതി ആദായനികുതിയേക്കാളും കുറവാണെന്ന് കാണിക്കുവാനായിട്ട് ചിലതൊക്കെ പ്രസ്താവിക്കുകയുണ്ടായി. വാസ്തവത്തിൽ രണ്ടായിരം ഉറുപ്പികയിൽതാഴെ വരവുള്ള ഒരാൾക്കു യാതൊരു ആദായനികുതിയും കൊടുക്കുവാനില്ലാ. രണ്ടായിരത്തിൽ അധികം ഉറുപ്പികവരവുണ്ടെങ്കിൽ ഉറുപ്പികക്കു നാലുപൈവീതം ആദായനികുതികൊടുക്കണം. ഈ തോതനുസരിച്ച് ഭൂനികുതിയെ പരിശോധിക്കുകയാണെങ്കിൽ പറമ്പിന്റെ ആദായത്തിൽ $\frac{1}{4}$—ം നിലമാണെങ്കിൽ പകുതിയും നികുതികൊടുക്കുന്നതു് ആദായത്തിൽ $\frac{1}{4}$—ം ആകും. അങ്ങിനെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ വാദത്തിനു യാതൊരടിസ്ഥാനവുമില്ലെന്ന് പ്രത്യക്ഷമാണ്. പക്ഷെ ഈ റസല്യൂഷൻ കൊണ്ട് ഒരു വലിയ ബുദ്ധിമുട്ടവരാൻ പോകുന്നുണ്ട്. ഭൂനികുതികൊണ്ടാണ് ഗവൺമെൻറു ഇപ്പോൾ കഴിഞ്ഞുകൂട്ടുന്നതു്. അതിൽ ഫ ൦ ൦- ക്കു ൻ ൦ ശതമാനവും ഉദ്യോഗസ്ഥന്മാരുടെ ചിലവിലേക്കായിട്ട പോകുന്നതുമുണ്ട്. അതു കഴിച്ചാൽ പഞ്ചായത്തിലേക്കും, കോവാപ്പറേറീവിലേക്കുംമറും യാതൊന്നും ചിലവുചെയ്യാനില്ലെന്നാണ് പറയുന്നതു്. ഇപ്പോഴത്തെനിലക്കു ആ വരവില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകയില്ലേ എന്നൊരു ഭയം എനിക്കുണ്ട്. ഈ പ്രമേയത്തിൽ അടങ്ങീട്ടുള്ള തത്വം വളരെ പ്രധാനമായിട്ടുള്ളതാണ്; ഇതു് ഇംഗ്ലണ്ടിലും മറുമുണ്ട്. പക്ഷെ അവിടത്തെ സ്ഥിതിക്കും, ഇവിടത്തെ സ്ഥിതിക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ആദായനികുതി ഭൂനികുതിയുടെ കാര്യത്തിൽ വിനിയോഗിച്ചിട്ടുള്ള രാജ്യങ്ങളിലൊക്കെ കൃഷിയേക്കാൾ വ്യവസായത്തിനാണു പ്രാധാന്യം. എന്നാൽ, കൃഷിപ്രധാനമായ ഒരു രാജ്യമായതുകൊണ്ട് ഈ വാദത്തെ തല്ക്കാലം തടയുവാനേ നിവൃത്തിയുള്ളൂ. ഇതിനുമുൻപു് പറഞ്ഞമാതിരി ഇവിടെ വെച്ചു് ഈ സംഗതിമാത്രം ആലോചിച്ചതുകൊണ്ടു കാര്യമായില്ല. ഒരു കമ്മിറിയെവച്ചു് രാജ്യത്തിലെ വരുമാനങ്ങൾ എല്ലാം നല്ലവണ്ണം ആലോചിച്ചു തീരുമാനിക്കേണ്ട ഒരു വിഷയമാണ് ഇതു്. വിദഗ്ധാഭിപ്രായം വേണ്ടതാണുപായം. അതുകൊണ്ടു ഈ

LIBRARY ARCHIVES Kerala Legislative Assembly